## പതിമൂന്നാം കേരളനിയമസഭ
## പന്ത്രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം: 3848** | **15.12.2014 -ലെ മറുപടിക്ക്**

### കാസർഗോഡ് കോട്ടക്കണ്ണി യൂണിറ്റി മെഡിക്കൽ സ്റ്റോറിലെ തീപിടിത്തം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. എൻ.എ. നെല്ലിക്കുന്ന്** | **ശ്രീ. രമേശ് ചെന്നിത്തല** (ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) കാസർഗോഡ് ടൗൺ പോലീസ് സ്റ്റേഷൻ പരിധിയിൽപ്പെട്ട കാസർഗോഡ് നഗരത്തിലെ കോട്ടക്കണ്ണി റോഡിൽ യൂണിറ്റി മെഡിക്കൽ സ്റ്റോറിൽ 18.10.2014ന രാത്രി ഉണ്ടായ തീപിടിത്ത സംഭവത്തിൽ കേസ്സ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ; | (എ) ഉണ്ട്. കാസർഗോഡ് പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 885/2014 പ്രകാരം ഫയർ ഒക്കറൻസ് ആയി കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (ബി) ഉണ്ടെങ്കിൽ ഈ കേസ്സിൽ എത്ര പ്രതികൾ ഉണ്ട്; അവരെ അറസ്റ്റ് ചെയ്തിട്ടുണ്ടോ; | (ബി) ഈ കേസിൽ ഇതുവരെയുള്ള അന്വേഷണത്തിൽ പ്രതികളായി ആരെയും സംശയിക്കത്തക്കവിധം വിവരം ലഭിച്ചിട്ടില്ല. |
| (സി) ഈ സംഭവത്തിൽ ഇലക്ട്രിക്കൽ വിംഗിന്റെ റിപ്പോർട്ട് കിട്ടിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആ റിപ്പോർട്ടിലെ വിവരം എന്താണെന്ന് വ്യക്തമാക്കാമോ? | (സി) ഇലക്ട്രിക്കൽ വിംഗിന്റെ റിപ്പോർട്ട് ഇതുവരെ ലഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ